# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *407

20.07.2015 ൽ മറുപടിയ്ക്ക്

## സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എഞ്ചിനീയറിംഗ് പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി .കെ.കെ .ലതിക<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.കെ.വി .അബ്ദുൾഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) എഞ്ചിനീയറിംഗ് പ്രവേശനത്തിൽ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ പ്രവേശന വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | എ) സ്വകാര്യ സ്വാശ്രയ / സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലെ പ്രവേശനം AICTE മാനദണ്ഡപ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 04.06.2015 ലെ ജി.ഒ (എം.എസ്) നം. 236/2015/ഉ.വി.വ , 07.07.2015 ലെ ജി.ഒ (എം.എസ്) നം. 392/2015/ഉ.വി.വ നമ്പർ ഉത്തരവുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേയും സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുമുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിൽ നേടേണ്ട കുറഞ്ഞമാർക്ക് കണക്ക് , ഫിസിക്സ് , കെമസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 45% ആയി നിജപ്പെടുത്തിയിട്ടുണ്ട് . ഇത് എ.ഐ.സി.ടി.ഇ (AICTE) അംഗീകരിച്ച മാനദണ്ഡമാണ് . |
| ബി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഇപ്പോൾ പരിഗണനയിലില്ല. |
| സി) സ്വകാര്യ മാനേജ്മെന്റുകൾക്ക് സഹായകമാകുന്ന ഇത്തരം തീരുമാനങ്ങൾ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്തെ മൂല്യത്തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) AICTE അംഗീകരിച്ച മാനദണ്ഡപ്രകാരമാണ് സ്വകാര്യ സ്വാശ്രയ / സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിൽ യോഗ്യത മാർക്കിൽ മാറ്റം വരുത്തിയത് . |

| | |
|---|---|
| ഡി) മൂല്യത്തകർച്ച സംബന്ധിച്ച് ഹൈക്കോടതി നടത്തിയിരുന്ന പരാമർശം കണക്കിലെടുത്ത് ഇത്തരം എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ഡി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 03.12.2011 ലെ ജി.ഒ (ആർ.റ്റി) നം.1968/11/ഉ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട് . പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജുകൾക്കെതിരെ ബന്ധപ്പെട്ട സർവകലാശാലകളുടെ ചട്ടങ്ങളിൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട് . പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 31.01.2012 ലെ ജി.ഒ (ആർ.റ്റി) 217/12/ഉ.വി.വ , 11.01.2013 ലെ ജി.ഒ (ആർ.റ്റി) 44/13/ഉ.വി.വ, 31.01.2013 ലെ ജി.ഒ (ആർ.റ്റി) 140/13/ഉ.വി.വ എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പുതുതായി രൂപീകൃതമായ സാങ്കേതിക സർവകലാശാല എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |

(ഒപ്പ്)

സെക്ഷൻ ഓഫീസർ